# പതിനാലാം കേരള നിയമസഭ

## ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
## (2019-21)

### അഞ്ചാമത് റിപ്പോർട്ട്
(2020 ജനുവരി 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

# പതിനാലാം കേരള നിയമസഭ

## ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
## (2019-21)

## അഞ്ചാമത് റിപ്പോർട്ട്

**2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2019-21)

## ഘടന

**അദ്ധ്യക്ഷ**

ശ്രീമതി ഇ. എസ്. ബിജിമോൾ

**അംഗങ്ങൾ**

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ഡി. കെ. മുരളി

ശ്രീ. യു. ആർ. പ്രദീപ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., അണ്ടർ സെക്രട്ടറി

# ആമുഖം

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19), 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്. റിപ്പോർട്ട കാലയളവിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടേയും സമിതിയുടെ അധികാരപരിധിയിൽപ്പെട്ട വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് സമിതി നല്കിയിരുന്ന നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ഗവ: ലഭ്യമാക്കിയിട്ടുള്ളത് സമിതി പരിഗണിച്ചതിന്റേയും വിവരങ്ങളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 30.12.2020 ൽ കൂടിയ യോഗത്തിൽ സമിതി അംഗീകരിച്ചു

തിരുവനന്തപുരം,
2020 ഡിസംബർ 30

ഇ.എസ് ബിജിമോൾ,
അധ്യക്ഷ
ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി

## റിപ്പോർട്ട്

ഔദ്യോഗിക മേഖലയിലും പഠനരംഗത്തും മലയാള ഭാഷ ഉപയോഗിക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കേരള സർക്കാരിന്റെ ഔദ്യോഗികഭാഷാ നയം വിജയകരമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും, ആയത് എല്ലാ വകുപ്പുകളിലും സമയ ബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും, മലയാളം ഔദ്യോഗിക ഭാഷയായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായിട്ടാണ് 2003 ജൂൺ മാസം 27-ാം തീയതി കേരളനിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി നിലവിൽ വന്നത്. സർക്കാർ വകുപ്പുകളിലെ ഭാഷാ മാറ്റ പുരോഗതി വിലയിരുത്തുക, മലയാള ഭാഷ ഒദ്യോഗിക ഭാഷയായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി പരിശോധിക്കുക അതിന്മേൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുക, കമ്മിറ്റിക്ക് നേരിട്ടോ അല്ലാതെയോ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും വിശദീകരണമോ റിപ്പോർട്ടോ തേടുക തുടങ്ങിയ കർത്തവ്യങ്ങളാണ് സമിതി നിർവ്വഹിച്ചുവരുന്നത്. 2003 മുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ സമിതി നടത്തിയതിന്റെ ഭാഗമായി സമിതിയുടേതായി നിരവധി റിപ്പോർട്ടുകൾ സമിതി സഭയിൽ സമർപ്പിച്ചിട്ടുണ്ട്. പതിനാലാം കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19), 2016 ജൂലൈ 25-ാം തീയതി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് പുന:സംഘടിപ്പിക്കപ്പെട്ട നിലവിലെ കമ്മിറ്റി (2019-21) 2019 ജനുവരി 25-ാം തീയതി നിലവിൽ വന്നു. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19) 2018 ജനുവരി 1-ാം തീയതി മുതൽ 2018 ഡിസംബർ 31-ാം തീയതി വരെയുള്ള കാലയളവിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും സമിതി നിർദ്ദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെയും വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ തെളിവെടുപ്പ്, സന്ദർശനയോഗം ഉൾപ്പെടെ 21 യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ സമിതിയുടെ റിപ്പോർട്ടുകളിന്മേലും സമിതിയുടെ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേലും ഗവ.ൽ നിന്നും ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ച്, അംഗീകരിക്കുകയും, അധികവിവരങ്ങൾ ആരായുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2009-11) യുടെ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനെ സംബന്ധിച്ചുള്ള മൂന്നാമത് റിപ്പോർട്ടിന്മേൽ ഗവ.സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി 2018 മാർച്ച് 19 ന് സഭയിൽ സമർപ്പിച്ചു.

കേരളീയ പാരമ്പര്യത്തെയും സംസ്കാരത്തെയും അടിസ്ഥാനപ്പെടുത്തി കുട്ടികളെ മാതൃഭാഷ പഠിപ്പിക്കുന്നതിനായി തലസ്ഥാനത്തെ ഒരു കൂട്ടം മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയിൽ രൂപം കൊണ്ട മലയാളം പള്ളിക്കൂടത്തിന്റെ പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ജനശ്രദ്ധയാകർഷിച്ചിരുന്നു. ഇതേ തുടർന്ന് അനൗപചാരിക ഭാഷാബോധന പരിപാടിയുമായി മുന്നോട്ടുപോകുന്ന മലയാളം പള്ളിക്കൂടം, 2018 ജൂൺ മാസം 24-ാം തീയതി സമിതി സന്ദർശിക്കുകയും അവിടെ യോഗം ചേർന്ന് മലയാളം പള്ളിക്കൂടത്തിലെ വിദ്യാർത്ഥികളും, അധ്യാപകരും രക്ഷാകർത്താക്കളുമായി ആശയവിനിമയം നടത്തുകയും തുടർന്ന് മലയാളം പള്ളിക്കൂടത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി 2018 സെപ്റ്റംബർ 25-ാം തീയതി പൊതുവിദ്യാഭ്യാസ വകുപ്പ്, ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്, സാംസ്കാരികകാര്യ വകുപ്പ്, വിവരസാങ്കേതികവിദ്യ വകുപ്പ് എന്നീ വകുപ്പിലേയും, ഉപവകുപ്പുകളിലേയും ഉദ്യോഗസ്ഥർ, മലയാളം പള്ളിക്കൂടം സംഘാടകർ, ഉപദേശകസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത സന്ദർശനത്തിന്റേയും തെളിവ് ശേഖരിക്കലിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പൊതുവിദ്യാഭ്യാസ മേഖലയിൽ മലയാളം പള്ളിക്കൂടം മാതൃകയിൽ മലയാളഭാഷാ പരിശീലനം നൽകുന്നത് സംബന്ധിച്ച് - സമിതിയുടെ നാലാമത് റിപ്പോർട്ട് സമിതി 2018 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയുടെ ഒരു യോഗം 2018 ജൂലൈ 24-ാം തീയതി മലപ്പുറം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുകയും, ജില്ലയിലെ ഔദ്യോഗിക ഭാഷാ പ്രയോഗപുരോഗതി സംബന്ധിച്ച് ജില്ലാതല വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും തിരൂർ മലയാള സർവ്വകലാശാല സന്ദർശിച്ച് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വൈസ്ചാൻസലർ, രജിസ്ട്രാർ, അധ്യാപകർ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച പ്രധാന വിഷയങ്ങളും ഗവ. മറുപടികളും ചുവടെ ചേർക്കുന്നു.

**1. ഫയൽ നമ്പർ 6641/ഔ.ഭാ.സ 1/2005/ നി. സെ**

വിഷയം:- ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2004-06) യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

റിപ്പോർട്ടിലെ ഖണ്ഡിക 22-ലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധികവിവരത്തിന് നവീകരിച്ച ചെക്ക് ബുക്ക് ദേശസാൽകൃതബാങ്ക് ചെക്ക് ബുക്കുകൾക്ക് സമാനവും അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണെന്നും നവീകരിച്ച പാസ് ബുക്കിന്റെ പുറം പേജിലും ഉൾപ്പേജുകളിലും ആവശ്യമായ വിവരങ്ങൾ മലയാളത്തിൽകൂടി പരിഭാഷപ്പെടുത്തിയിട്ടുള്ളതിനാലാണ് അതിന്റെ മലയാള പരിഭാഷ നിർവ്വഹിക്കാതിരുന്നതെന്നും ഉടൻതന്നെ ചെക്ക് ബുക്കിന്റെ മലയാള പരിഭാഷ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ധനകാര്യവകുപ്പ് 30/12/2017-ലെ 55090/എസ്.എൽ.3/2015/ ധന. നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിക്കുകയും 18/04/2018-ലെ യോഗത്തിൽ പ്രസ്തുത മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2. ഫയൽ നമ്പർ 823/ഔ.ഭാ.സ 1/2006/ നി. സെ**

വിഷയം:- ഭാഷമാറ്റ പുരോഗതി അറിയുവാൻ നികുതി വകുപ്പിൽ നിന്നും രേഖകൾ സമാഹരിക്കുന്നത് സംബന്ധിച്ച്.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ 30/06/2017-ലെ യോഗം രജിസ്ട്രേഷൻ മാന്വൽ പരിഭാഷപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ എന്നും ആയതിന്റെ പരിഭാഷ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും പരിഭാഷയ്ക്കായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നീ വിവരങ്ങൾ ആരാഞ്ഞതിന്മേൽ നികുതി വകുപ്പ് 02/06/2018-ലെ 45/ഇ 3/2018/നി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

രജിസ്ട്രേഷൻ വകുപ്പിൽ നിലവിലുള്ള മാന്വൽ ഏകദേശം 40 വർഷം മുൻപ് തയ്യാറാക്കിയതാണ്. വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾക്കനുസൃതമായി മാന്വൽ പരിഷ്കരിച്ചിട്ടില്ല. അത് കാലോചിതമായി പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ 40

വർഷങ്ങൾക്ക് മുൻപ് തയ്യാറാക്കിയ മാന്വൽ അതേപടി പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് ഉചിതമായിരിക്കില്ല. രജിസ്ട്രേഷൻ വകുപ്പിലെ ഭരണഭാഷ മലയാളമായതിനാൽ പരിഷ്കരിച്ച് തയ്യാറാക്കുന്ന മാന്വൽ മലയാളത്തിൽ പ്രസിദ്ധീകരിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

19/12/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ പ്രസ്തുത ചോദ്യങ്ങൾ ആവർത്തിക്കാനും തൃപ്തികരമായ മറുപടി ലഭിക്കാതെ വരുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുവാനും തീരുമാനിച്ചു. സമിതി തീരുമാനം 04/05/2019 -ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**3. ഫയൽ നമ്പർ 1368/ഔ.ഭാ.സ 2/2009/ നി. സെ**

വിഷയം:- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2004-06) യുടെ ഒന്നാമത് റിപ്പോർട്ട് ശിപാർശകളിന്മേൽ ആരാഞ്ഞ അധികവിവരത്തിന് തൊഴിലും നൈപുണ്യവും വകുപ്പ് ലഭ്യമാക്കിയ മറുപടി- സംബന്ധിച്ച്.

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2004-06)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ ഓഫീസ്, ഡയറക്ടറേറ്റ് ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, വ്യാവസായിക പരിശീലന വകുപ്പ് എന്നിവിടങ്ങളിൽ ഔദ്യോഗികഭാഷയുമായി ബന്ധപ്പെട്ട് ശില്പശാലകൾ സംഘടിപ്പിക്കാത്തതിന് കാരണമെന്താണെന്നും പ്രസ്തുത ശില്പശാലകൾ ഇനി എന്നത്തേയ്ക്ക് സംഘടിപ്പിക്കുവാൻ സാധിക്കുമെന്നുമുള്ള വിവരം ആരാഞ്ഞു. കൂടാതെ വകുപ്പിൽ നിന്നുള്ള മറുപടികളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികമുദ്രയും മലയാളത്തിൽ പതിപ്പിക്കേണ്ടതാണ് എന്ന നിർദ്ദേശവും നൽകുകയുണ്ടായി. ആയതിന് തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, വ്യാവസായിക പരിശീലന വകുപ്പ് എന്നീ വകുപ്പുകൾ ഔദ്യാഗികഭാഷയുമായി ബന്ധപ്പെട്ട് ശില്പശാലകൾ സംഘടിപ്പിച്ചത് സംബന്ധിച്ചും, വകുപ്പിൽ നിന്നുള്ള മറുപടികളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ പേരും, തസ്തികമുദ്രയും മലയാളത്തിൽ പതിപ്പിക്കുന്നത് സംബന്ധിച്ചും ലഭ്യമാക്കിയ റിപ്പോർട്ട് 04.07.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**4. ഫയൽ നമ്പർ 1379/ഔ.ഭാ.സ 2/2009/ നി. സെ**

വിഷയം:- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2004-06)യുടെ ഒന്നാമത് റിപ്പോർട്ട് ശിപാർശകളിന്മേൽ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സ്വീകരിച്ച നടപടി-സംബന്ധിച്ച്.

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2004-06)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 9,10,12,14,17,21,22,23,24,27 എന്നിവയ്ക്കുള്ള മറുപടിയിന്മേൽ സമിതി ആരാഞ്ഞ അധികവിവരത്തിന് ഭക്ഷ്യപൊതുവിതരണ (പി.എസ്.)വകുപ്പ് 20.01.2018 ലെ 1387610/പി.എസ്./17/ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 29.08.2018 ലെ യോഗം പരിഗണിക്കുകയും 10, 12, 27 എന്നീ നമ്പർ ശിപാർശകൾക്ക് വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ആരായുകയും ചെയ്തു.

<u>ശിപാർശ 10</u>

സിവിൽസപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ടുള്ള പദങ്ങൾ മലയാളത്തിലാക്കുന്ന തിനായി സ്വകാര്യ ഏജൻസിയെ നിയോഗിക്കുന്നതായി സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു പ്രസ്തുത പ്രവൃത്തിക്കായി ഇതിനുപകരം വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു.

<u>ശിപാർശ 12</u>

പ്രസ്തുത ശിപാർശയുമായി ബന്ധപ്പെട്ട് വകുപ്പിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും കർശനമായി നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തി അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിച്ചു.

<u>ശിപാർശ 27</u>

സോഫ്റ്റ്‌വെയറിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് സപ്ലൈകോ മാവേലി സ്റ്റോറുകളിലെ ബില്ലുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുവാൻ നിർദ്ദേശിച്ചു

**5. ഫയൽ നമ്പർ 1385/ഔ.ഭാ.സ 2/2009/ നി.സെ**

വിഷയം:- ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2004-06) യുടെ ഒന്നാമത് റിപ്പോർട്ട് ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സ്വീകരിച്ച നടപടി - സംബന്ധിച്ച്.

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2004-06)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ ഖണ്ഡിക 14,21,22 എന്നിവയിന്മേൽ സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് 03.01.2018-ലെ 1152/ഡി1/2013/പ്ലാനിംഗ് നമ്പർ കത്ത് മുഖേന ആസൂത്രണസാമ്പത്തികകാര്യ (ഡി) വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | ശിപാർശയിന്മേലുള്ള അധിക വിവര റിപ്പോർട്ട് |
|---|---|---|---|
| 1 | 14 | മൂന്നു പ്രാവശ്യമായി 100 പദങ്ങൾ വീതം തർജ്ജമ ചെയ്യാനെടുത്ത സമയവും ഇപ്രകാരം 500 പദങ്ങളുടെ തർജ്ജമയ്ക്ക് എത്ര സമയം വേണ്ടി വരുമെന്ന് ആരായുക, പദകോശം സമയബന്ധിതമായി പ്രസിദ്ധീകരിക്കുക | **കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്**<br>കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ മൂന്നുപ്രാവശ്യമായി രണ്ടരവർഷക്കാലം വേണ്ടി വന്നു. തികച്ചും സാങ്കേതികമായ പദങ്ങൾ മാത്രം കണ്ടെത്തി തർജ്ജമ ചെയ്യുന്നതിനാലാണ് പദങ്ങൾ കണ്ടെത്തുന്നതിനും തർജ്ജമ ചെയ്യുന്നതിനും കൂടുതൽ സമയം വേണ്ടി വന്നത്. 1111 പദകോശം 01.04.2016-ന് ഔദ്യോഗിക ഭാഷാ വകുപ്പിന് അയച്ചുനൽകുകയും ചെയ്തു. 21.01.2017-ന് ആശയ സംവേദന ക്ഷമമല്ല എന്ന് ഔദ്യോഗിക ഭാഷാ വകുപ്പ് കണ്ടെത്തിയ പദങ്ങൾ ഒഴിവാക്കിക്കൊണ്ട് 1093 പദങ്ങളുടെ പദകോശം പ്രസിദ്ധീകരിക്കുന്നതിനായി 21.01.2017-ന് ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് അയച്ചിട്ടുണ്ട്. പദകോശം അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>**കേരള സംസ്ഥാന ആസൂത്രണ ബോർഡ്**<br>കേരള സംസ്ഥാന ആസൂത്രണബോർഡിന് 100 പദങ്ങൾ വീതം തർജ്ജമ ചെയ്യുവാൻ 2 മാസവും, ഇപ്രകാരം 500 പദങ്ങളുടെ തർജ്ജമയ്ക്കായി 8 മാസവും വേണ്ടി വന്നു. കൂടാതെ പദകോശം സമയബന്ധിതമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| 2 | 21 | പദ്ധതി അനുബന്ധ ജോലികളുടെ തിരക്കുമൂലം നിയമസഭാ സമിതിയുടെ ശിപാർശ നടപ്പാക്കിയില്ല എന്ന മറുപടി തൃപ്തികരമല്ലെന്നും സമിതി ഇക്കാര്യം അതീവ ഗൗരവമായി കാണുന്നതായും | **കേരള സംസ്ഥാന ആസൂത്രണ ബോർഡ്**<br>കേരള സംസ്ഥാന ആസൂത്രണബോർഡിൽ ഖണ്ഡിക 21, 22 -ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പരിപാടികൾ ആ കാലഘട്ടത്തിൽ നടത്തുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത പോരായ്മ പരിഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമാണെന്ന് ആരായുവാനും ആയത് സമയബന്ധിതമായി നടപ്പിലാക്കുവാനും നിർദ്ദേശിക്കുന്നു. | ഈ വർഷവും മലയാള ഭാഷയ്ക്ക് മുൻഗണന നൽകിക്കൊണ്ട് മലയാളം പ്രശ്നോത്തരി, കവിതാ രചന, കഥാ രചന, ഉപന്യാസ രചന, മലയാള തർജ്ജിമ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് സെമിനാറുകൾ, ചർച്ചകൾ എന്നിവ നടത്തിയിരുന്നു. ഭരണ രംഗത്ത് ഉപയോഗിക്കുന്ന 5 ഇംഗ്ലീഷ് പദവും അതിന് ആനുപാതികമായ മലയാള പദവും ദിവസവും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ വിവിധ കർമ്മ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ജില്ലാ പ്ലാനിംഗ് ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കോടതി, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള കത്തുകൾ ഒഴികെ എല്ലാ കത്തിടപാടുകളും മലയാളത്തിലാണ് നടത്തുന്നത്. എന്നാൽ ഇംഗ്ലീഷിൽ എഴുതേണ്ടിവരുന്ന ഫയലുകളിൽ കുറിപ്പുഫയൽ മലയാളത്തിലാണ് തയ്യാറാക്കുന്നത്. മൂന്നുമാസം കൂടുമ്പോൾ ഭരണഭാഷ മലയാളമാക്കുക എന്ന ലക്ഷ്യം ഭരണ തലത്തിൽ കൈവരിച്ചിട്ടുണ്ട്.<br>ഖണ്ഡിക 14-ലെ പദകോശം സമയബന്ധിതമായി പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ ഒരു പ്രതി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| 3 | 22 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് നൽകിയ മറുപടി നിഷേധാത്മകമാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത മറുപടിയിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. മേൽ വിഷയം സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന്റെ മുന്നോടിയായി പ്രസ്തുത ഖണ്ഡികയിലെ ശിപാർശയുമായി ബന്ധപ്പെട്ട സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്കുള്ള വ്യക്തവും പൂർണ്ണവുമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെടാനും തീരുമാനിച്ചു. | |

പ്രസ്തുത മറുപടി 04.07.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 6. ഫയൽ നം. 3146/ഔ.ഭാ.സ 1/2012/നി.സെ

വിഷയം:- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-14) യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സമിതിയുടെ 21/01/2015-ലെ യോഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യവസായ വകുപ്പ് 24/10/2017-ലെ 14383/പി.എസ്/13/വ്യവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വ്യവസായ വകുപ്പിനു കീഴിലുണ്ടായിരുന്ന 44 പൊതുമേഖലാ സ്ഥാപനങ്ങളിൽ കാപെക്സ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിൽ അല്ല പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 39 എണ്ണത്തിൽ കൈചൂണ്ടിപ്പലകകൾ മലയാളത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും ഹാൻഡിക്രാഫ്റ്റ്സ് ഡവലെപ്മെന്റ് കോർപറേഷൻ (കേരള) ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡവലെപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് ,ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവയിൽ

നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. 03/01/2018-ലെ യോഗത്തിൽ സമിതി പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ ഖണ്ഡിക 35-ലെ ശിപാർശയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് 22/02/2018-ലെ 2164742/ബി2/ 18-ഭ.സി.സ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ഖണ്ഡിക | സമിതി ആവശ്യപ്പെട്ട അധിക വിവരം | സ്വീകരിച്ച നടപടി |
|---|---|---|
| 35 | 'കേരള റേഷനിംഗ് ഓഡർ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുന്നതിന് നിയമപരിജ്ഞാനം ആവശ്യമാകയാൽ പുറമേ നിന്നുള്ള ഒരു ഏജൻസിയെക്കൊണ്ട് പ്രസ്തുത വിവർത്തനം ചെയ്യിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവോ എന്നും ആയതിന്റെ വിശദാംശങ്ങളും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത നിയമത്തിനെ ആധാരമാക്കിയും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 പ്രകാരവും 1966-ലെ കേരള റേഷനിംഗ് ഓർഡർ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടങ്ങൾക്ക് സർക്കാർ അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ കേരള റേഷനിംഗ് ഓർഡറിന്റെ മലയാള പരിഭാഷ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന വിവരം സമിതി മുമ്പാകെ അറിയിക്കുന്നു. |

11/07/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി കേരള റേഷനിംഗ് ഓർഡറിന്റെ മലയാള പരിഭാഷ തയ്യാറാക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി ആരായുന്നതിന് നിർദ്ദേശിച്ചു. സമിതി തീരുമാനം 09/10/2018 -ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**7.ഫയൽ നമ്പർ 587/ഔ.ഭാ.സ 2/2015/ നി. സെ**

വിഷയം:- വിവിധ വകുപ്പുകളിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായ ജില്ലാതല ഔദ്യോഗികഭാഷാ സമിതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നത്- സംബന്ധിച്ച്.

ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് 12.12.2014-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 42/2014 ഉ.ഭ.പ.വ നമ്പർ ഉത്തരവ് മുഖേന മലയാളം പൂർണ്ണമായി ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുരോഗതി അവലോകനം ചെയ്യുന്നതിനുമായി വകുപ്പ് മേധാവി അദ്ധ്യക്ഷനായി ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും, വകുപ്പിലെ ജില്ലാതല മേധാവി അദ്ധ്യക്ഷനായി ജില്ലാതല ഔദ്യോഗികഭാഷാ സമിതിയും രൂപീകരിക്കണമെന്നും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 05.02.2015-ലെ സമിതി യോഗം എല്ലാ വകുപ്പുകളും പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് ആരായുവാൻ നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശത്തിന് സ്റ്റോഴ്സ് പർച്ചേസ് (ബി) വകുപ്പ്, വിവരപൊതുജന സമ്പർക്ക (ഇ) വകുപ്പ്, പൊതുഭരണ (പാർലമെന്റ്) വകുപ്പ് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 12.09.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് 13.08.2018-ലെ പി.എസ്.1/352/2015/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 21.11.2018-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**8. ഫയൽ നമ്പർ 2910/ഔ.ഭാ.സ 1/2015/ നി. സെ**

വിഷയം:- ഔദ്യോഗികഭാഷ ഒഴിവാക്കി സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ നടത്തിയതുമായി ബന്ധപ്പെട്ട് ശ്രീ. അരവിന്ദ്. എസ് നൽകിയ പരാതി സംബന്ധിച്ച്.

പരാതിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് 16/04/2018-ലെ ഔ.ഭാ.3/157/2017/ഉ.ഭ.പ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

16.05.2015-ന് കെ.പി.എസ്.സി നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയിൽ നിന്നും മലയാളത്തെ ഒഴിവാക്കിയതിനെ തുടർന്നുള്ള നടപടികളുടെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ ഭരണഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതു

സംബന്ധിച്ച് കെ.പി.എസ്.സി. നിയോഗിച്ച വിദഗ്ധസമിതി അവരുടെ റിപ്പോർട്ടും പാഠ്യപദ്ധതിയും ബഹു. കമ്മീഷന് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഘട്ടമെന്ന നിലയിൽ കമ്പനി/ കോർപ്പറേഷൻ/ബോർഡ്& സെക്രട്ടേറിയറ്റ് പി.എസ്.സി, അസിസ്റ്റന്റ് (ബിരുദതല പരീക്ഷകൾക്ക്) മലയാളം/കന്നട/തമിഴ് എന്നീ ഭാഷകളിൽ 10 മാർക്കിന്റെ ചോദ്യം ഉൾപ്പെടുത്തുവാൻ 20.03.2017-ലെ ബഹു. കമ്മീഷൻ യോഗത്തിലെ 46-ാം നമ്പർ തീരുമാനപ്രകാരം ഉത്തരവായിട്ടുണ്ടെന്ന് കെ.പി.എസ്.സി. കൺട്രോൾ ഓഫ് എക്സാമിനേഷൻ 12.03.2018-ലെ 66/16/സി.ഇ. നം.കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

14/08/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**9. ഫയൽ നം. 988/ഔ.ഭാ.സ 2/2016/നി.സെ**

വിഷയം:- മലയാളത്തിലുള്ള സത്യപ്രതിജ്ഞയിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വർഗീസ് അലക്സാണ്ടർ, മാതൃഭാഷാ സ്നേഹസമിതി, കണ്ണൂർ സമർപ്പിച്ച ഹർജി.

പ്രസ്തുത ഹർജി നിയമവകുപ്പിലേയ്ക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തതു പ്രകാരം 23/05/2016 തീയതിയിലെ 9543/ലെഗ്.ബി1/ 2016/നിയമം നമ്പർ കത്ത് മുഖേന നിയമ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത മറുപടി 06/09/2016-ലെ യോഗം പരിഗണിക്കുകയും, അംഗീകരിക്കുകയും റിപ്പോർട്ടു വിവരം പരാതിക്കാരനെ അറിയിക്കുകയും ചെയ്തു.

**10. ഫയൽ നം.3286/ഔ.ഭാ.സ 1/2017/നി.സെ**

വിഷയം:- സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചതിന്റെ സാഹചര്യം സംബന്ധിച്ച് വിവിധ വകുപ്പുകളിൽ നിന്ന് വിശദീകരണം ആരായുന്നത് സംബന്ധിച്ച്.

2017 മെയ് 1-നുശേഷം (ആഗസ്റ്റ് 31 വരെ) സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ കാരണം കാണിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദീകരണം താഴെപറയും പ്രകാരമാണ്.

**വിനോദസഞ്ചാരവകുപ്പ്** : 11/10/2017-ലെ ടൂർ-സി13/134/2017/ടൂറിസം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ വിനോദ സഞ്ചാര വകുപ് 2017 മെയ് 1 മുതൽ ഓഗസ്റ്റ് 31 വരെ ഇംഗ്ലീഷിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ എണ്ണം 128 ആണെന്നും ഇംഗ്ലീഷിൽ

പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം ശിപാർശകൾ ഇംഗ്ലീഷിൽ ആയതിനാൽ ആണ് എന്നും പ്രതിപാദിച്ചിരിക്കുന്നു.

03/01/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി "ശിപാർശകൾ ഇംഗ്ലീഷിൽ ആയതിനാലാണ് ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത്" എന്ന വിശദീകരണത്തിൽ അതൃപ്തി രേഖപ്പെടുത്തുകയും 2017 മെയ് 1-നു ശേഷം പുറത്തിറക്കുന്ന എല്ലാ ഉത്തരവുകളും മലയാള ഭാഷയിലായിരിക്കണമെന്ന സർക്കാർ ഉത്തരവുണ്ടായിരുന്നിട്ടും ജീവനക്കാരുടെ നിയമനം/സർവ്വീസ് സംബന്ധിച്ച ഉത്തരവുകളും സംസ്ഥാനത്തിനകത്ത് തന്നെ വകുപ്പുമായി ബന്ധപ്പെട്ടുള്ള പല വിഷയങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളും ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ചിരിക്കുന്നത് പ്രസ്തുത ഉത്തരവിന്റെ ലംഘനമാണെന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ വകുപ്പിനോട് വിശദീകരണം ആരായാൻ തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനം 06/04/2018 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**കൃഷി വകുപ്പ്** : 25/10/2017-ലെ 24832/എ.പി/2014/കൃഷി നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. 2017 മെയ് 1 നു ശേഷം കൃഷി വകുപ്പിൽ 77 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും വിശദമാക്കിയിരുന്നു. 18/04/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി കോടതിയുമായി ബന്ധപ്പെട്ടവ ഒഴികെയുള്ള മറ്റു ഉത്തരവുകൾ (ജീവനക്കാര്യവും ദൈനംദിന കാര്യങ്ങളും) മലയാളത്തിൽ തന്നെ പുറപ്പെടുവിക്കാമായിരുന്നിട്ടും ആയത് ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത് നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് വിലയിരുത്തുകയും കൃഷി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഇതു സംബന്ധിച്ച് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനം 27/02/2019 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**സ്റ്റോർസ് പർച്ചേസ് വകുപ്പ്** : 19/10/2017-ലെ 106/ബി1/2017/എസ്. പി.ഡി.നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

മെയ് 1 മുതൽ ജൂലൈ 15 വരെ, ഒൻപതു സർക്കാർ ഉത്തരവുകളും 20 കത്തുകളും സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കത്തിടപാടുകളും, ഉത്തരവുകളും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിലൊഴികെ മലയാളത്തിൽ ആയിരിക്കണമെന്ന് ഈ വകുപ്പിന് കീഴിലെ എല്ലാ സെക്ഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം പരമാവധി കത്തിടപാടുകളും ഉത്തരവുകളും മലയാളത്തിൽ തന്നെ പുറപ്പെടുവിച്ചുവരുന്നുണ്ട്.

18/04/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ അതൃപ്തി രേഖപ്പെടുത്തുകയും വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്താൻ

തീരുമാനിക്കുകയും ചെയ്തു. സമിതി തീരുമാനം 27/02/2019 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**ശാസ്ത്രസാങ്കേതിക വകുപ്പ്** : 25/09/2017-ലെ 5270/എ 1/2016/ ശാ.സാ.വ നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. 2017 മെയ് 1 ന ശേഷം ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്നും 13 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ട്. അന്തർദേശീയ തലത്തിൽ വിദേശ രാജ്യങ്ങളിൽ നടക്കുന്ന കോൺഫെറൻസുകളിൽ പങ്കെടുക്കുന്നതിന് അനുമതി സംബന്ധിച്ചും കോടതി വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും അടിയന്തര സാഹചര്യം കണക്കിലെടുത്തും ആണ് ഇംഗ്ലീഷിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. എല്ലാ കത്തിടപാടുകളും ഉത്തരവുകളും മലയാളത്തിൽ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16/05/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്** : 09/11/2017 ലെ കെ1/198/17/ ഉ.വി.വ നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.01.05.2017 മുതൽ 31. 07 .2017 വരെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 212 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും വിശദമാക്കിയിരുന്നു.

23/05/2018 ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, എൻ.സി.സി. യുമായി ബന്ധപ്പെട്ട് ഇംഗീഷിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മലയാളത്തിൽ കൂടി പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഭാഷ മാറ്റ പുരോഗതി ആരായുവാനും ബി.എഡ് സെന്ററുകളുടെ ബോർഡുകളിൽ മലയാളത്തിൽ കൂടി പേര് പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിക്കുവാനും തീരുമാനിച്ചു ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള വിശദീകരണമായി 'കുറിപ്പ് മലയാളത്തിലാണ് ലഭിച്ചതെന്ന്' മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും കിഫ്ബിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. സമിതി തീരുമാനം 28/07/2018 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**മത്സ്യബന്ധന തുറമുഖ വകുപ്പ്** : 18/11/2017-ലെ Fand P-PS1/108/2017-Fand P നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വകുപ്പ് | ഇംഗ്ലീഷിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ എണ്ണം | ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം |
|---|---|---|
| മത്സ്യബന്ധന | 36 | സ്പെഷ്യൽ റൂൾ, കോടതി കേസുകൾ, തുക |

| | | |
|---|---|---|
| തുറമുഖ (എ) വകുപ്പ് | | അനുവദിക്കൽ തുടങ്ങിയ വിഷയങ്ങളായതിനാൽ |
| മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് | 17 | നടപ്പ് സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾക്കായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളെ ആധാരമാക്കി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും കോടതി വിധിക്ക് അനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകളുമായതിനാൽ |
| മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് | 11 | വർക്കിംഗ് ഗ്രൂപ്പ്, നബാർഡ്, തുക അനുവദിക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടവയായതിനാൽ |
| മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ് | 22 | സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾക്കായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളിൽ ധാരാളം സാങ്കേതിക പദങ്ങൾ ഉൾപ്പെടുന്നതിനാലും കോടതി ഉത്തരവുകൾക്ക് അനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകളുമായതിനാൽ |
| മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് | 35 | വിഴിഞ്ഞം തുറമുഖമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട ഉത്തരവുകൾ സുപ്രീം കോടതിയുടെയും മറ്റ് വിവിധ കോടതികളുടെയും പരിഗണനയ്ക്ക് വയ്ക്കുന്നതിനാലും സാങ്കേതിക പദങ്ങൾ ധാരാളം ഉൾപ്പെടുന്നതിനാലും. |
| മത്സ്യബന്ധന തുറമുഖ (പി. എസ്.) വകുപ്പ് | ഇല്ല | |

04/07/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, നിലവിൽ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിച്ച് വരുന്നവയായ മത്സ്യബന്ധന തുറമുഖ (എ) വകുപ്പിന്റെ സ്പെഷ്യൽ റൂൾ, കോടതി കേസുകൾ, തുക അനുവദിക്കൽ തുടങ്ങിയ വിഷയങ്ങളിലെ ഉത്തരവുകളും മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾക്കായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളെ ആധാരമാക്കി പുറപ്പെടുവിച്ച ഉത്തരവുകളും, മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പിന്റെ സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾക്കായി സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും കോടതി ഉത്തരവുകൾക്ക് അനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകളും ഭാവിയിൽ തയ്യാറാക്കുമ്പോൾ മലയാളത്തിൽ തയ്യാറാക്കുന്നതിന് വകുപ്പിന് നിർദ്ദേശം നല്കാൻ തീരുമാനിച്ചു. സമിതി തീരുമാനം 23/10/2018 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**വ്യവസായ (പാർലമെന്റ്) വകുപ്പ് :** 23/11/2017-ലെ വ്യവ-പി.എസ്/334/ 17/വ്യ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച 14/08/2018-ലെ യോഗം വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പൊതുവായ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ആയതിനാൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവാനും ഇംഗ്ലീഷിൽ

പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ മലയാളത്തിലുള്ള പരിഭാഷ കൂടി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുവാനും തീരുമാനിച്ചു. സമിതി തീരുമാനം 06/10/2018 ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**വനം വന്യജീവി വകുപ്പ് :** 07/12/2017-ലെ 38/പി.എസ്/17/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 2017 മെയ് 1 ന ശേഷം വനം വന്യജീവി വകുപ്പിൽ 99 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും വിശദമാക്കിയിരുന്നു . 29/08/2018 -ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി ഇംഗ്ലീഷിൽ പുറപ്പെടുവിച്ച ഉത്തരവുകളിൽ ചിലത് മലയാളത്തിൽ പുറപ്പെടുവിക്കുവാൻ സാധിക്കുമായിരുന്നു എന്ന് വീക്ഷിക്കുകയും പ്രസ്തുത ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരായുവാനും തീരുമാനിച്ചു. സമിതി തീരുമാനം 21/11/2018 ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**പ്രവാസി കേരളീയകാര്യ വകുപ്പ് :** 29/11/2017-ലെ 393/ബി2/17/നോർക്ക നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പ്രവാസി കേരളീയകാര്യ വകുപ്പിന്റെ മുഖ്യ ഉദ്ദേശ്യം കേരളത്തിനു പുറത്ത് താമിക്കുന്നവരും കേരളത്തിലേയ്ക്ക് തിരിച്ചുവന്നവരുമായ മലയാളികളുടെ ക്ഷേമം സംരക്ഷിക്കുക എന്നുള്ളതാണ്. ആയതിനാൽ കേന്ദ്രസർക്കാർ, വിദേശരാജ്യങ്ങൾ, കേരളത്തിന് പുറത്തുള്ള മറ്റ സംസ്ഥാനങ്ങൾ എന്നിവരുമായാണ് കൂടുതൽ കത്തിടപാടുകൾ നടത്തേണ്ടിവരുന്നത്.

2017 മെയ് 1-ന് ശേഷം പ്രവാസി കേരളീയകാര്യ വകുപ്പിൽ നിന്നും ആകെ 7 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ട്. നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കാൻ അനുവദിച്ച സാഹചര്യമായതിനാലും, കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടവ ആയതിനാലുമാണ് ടി ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന വിവരം ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19) മുമ്പാകെ അറിയിക്കുന്നു. 12/09/2018 ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**പൊതുമരാമത്ത് വകുപ്പ് :** 12/12/2017-ലെ PWD/PS1/307/2017-PWD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2017 മെയ് 1-ന് ശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള നിരത്തുകളും, പാലങ്ങളും, കെട്ടിടങ്ങളും, ദേശീയപാതാ വിഭാഗങ്ങളുടെ അധീനതയിൽ വരുന്ന റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഇവയുടെയെല്ലാം നിർമ്മാണവും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി റിപ്പോർട്ടുകൾ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരുടെ ഓഫീസിൽ നിന്നും ഇംഗ്ലീഷിലാണ്

നിലവിൽ തയ്യാറാക്കി സമർപ്പിച്ചു വരുന്നത്. പ്രസ്തുത രേഖകളിൽ സാങ്കേതിക പദങ്ങൾ കൂടുതലായതിനാൽ ഈ വിവരങ്ങൾ മലയാളീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ശ്രമകരവും തെറ്റുകൾ ക്ഷണിച്ചുവരുത്തുന്നതിന് ഇടയാക്കുന്നതുമാണ്. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും നിലവിലുള്ള ഇംഗ്ലീഷിൽ കുറ്റപത്രം നൽകിയ കേസുകളിൽ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുമ്പോൾ സാങ്കേതിക പദങ്ങളിൽ വ്യത്യാസം വരുന്നത് കേസുകളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ഇത്തരത്തിൽ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിലാണ് ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുള്ളത്.

19/09/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം, അവധി, സ്ഥലംമാറ്റം, യാത്രാനുമതി തുടങ്ങി മലയാളത്തിൽ എഴുതുന്നതിന് തടസ്സമില്ലാതിരുന്ന പല ഫയലുകളും ഇംഗ്ലീഷിലാണ് കൈകാര്യം ചെയ്യുന്നതെന്ന് വിലയിരുത്തുകയും 2017 മെയ് 1 ന് ശേഷം പൊതുമരാമത്ത് വകുപ്പിൽ ഫയലുകൾ തുടങ്ങിയിട്ടുള്ളത് മലയാളത്തിലാണോ എന്ന് ആരായുവാനും മലയാള ഭാഷയിൽ ആരംഭിച്ച ഫയലുകളുടെ റിപ്പോർട്ട് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു സമിതി തീരുമാനം 21/11/2018 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**പിന്നാക്കവിഭാഗ വികസന വകുപ്പ്** : 08/01/2018-ലെ 1817969/ബി2/17/ പി.വി. വി.വ.നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. 2017 മെയ് 1 ന് ശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പ് (എ ) ൽ 10 ഉത്തരവുകളും പിന്നാക്ക വിഭാഗ വികസന(ബി) വകുപ്പിൽ 1 ഉത്തരവും ഇംഗ്ലീഷിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യവും വിശദവിവരവും ലഭ്യമാക്കിയിട്ടുണ്ട്. 17/10/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണമായി മറുപടിയിൽ പറയുന്ന 'പ്രൊപ്പോസൽ സമർപ്പിച്ചത് ഇംഗ്ലീഷിലാണ് ' എന്നുള്ളത് ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള മതിയായ കാരണമല്ലെന്ന് സമിതി വിലയിരുത്തുകയും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുവാൻ സാഹചര്യമുണ്ടായിട്ടും ഇംഗ്ലീഷിൽ പുറപ്പെടുവിച്ചത് സംബന്ധിച്ച് വകുപ്പിനോട് വിശദീകരണം ആരായുവാനും നിർദ്ദേശിച്ചു. സമിതി തീരുമാനം 05/01/2019 -ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്** : 24/05/2018-ലെ പി.എസ്1/31/2017/ ആ.കു.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ആരോഗ്യ | ഇംഗ്ലീഷിൽ | ഉത്തരവ് ഇംഗ്ലീഷിൽ പുറപ്പെടുവിക്കാനുള്ള സാഹചര്യം |
|---|---|---|

| കുടുംബക്ഷേമ വകുപ്പ് | പുറപ്പെടുവിച്ച ഉത്തരവുകളുടെ എണ്ണം | |
|---|---|---|
| എ | 5 | ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ 14 സെക്ഷനുകളിലായി വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഇവയിൽ കോടതി വ്യവഹാരം, വൈദ്യ പഠനവുമായി ബന്ധപ്പെട്ടത്, മരുന്നു വാങ്ങൽ, അന്യ സംസ്ഥാനങ്ങളിലേക്കുള്ള ഉദ്യോഗസ്ഥരുടെ അന്യത്ര സേവനം എന്നിവ ഉൾപ്പെടുന്നു. ഇവ കൂടുതലും ഇംഗ്ലീഷ് പദങ്ങളുമായി ബന്ധപ്പെട്ടതാകയാൽ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നതാണ് ഉചിതമായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത്. |
| ബി | 29 | |
| സി | 39 | |
| ഇ | 16 | |
| എഫ് | 30 | |
| ജി | 10 | |
| എച്ച് | 46 | |
| കെ | 28 | |
| എം | 17 | |
| പി | 174 | |
| എസ് | 101 | |
| എഫ്.ഡബ്ല്യു | 10 | |
| ആയുഷ് | 16 | |
| **ആകെ** | **521** | |

21/11/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വകുപ്പ് ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിരിക്കുന്ന 521 ഉത്തരവുകളുടെയും വിശദാംശം ആരായുവാൻ തീരുമാനിച്ചു സമിതി തീരുമാനം 11/01/2019 ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**തൊഴിലും നൈപുണ്യവും വകുപ്പ്** : 29/05/2018-ലെ LBRD-PS/87/2018- LBRD നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 01 .05 .2017 നു ശേഷം തൊഴിലും നൈപുണ്യവും വകുപ്പിൽ 98 ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി നടപടികൾ സംബന്ധിച്ചും കേന്ദ്ര സർക്കാർ സ്ഥാപനത്തിലേക്കും കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റ് സംസ്ഥാന സ്ഥാപനങ്ങളിലേക്കും ഇംഗ്ലീഷ് ഒഴിവാക്കാനാകാത്ത അടിയന്തിര സാഹചര്യങ്ങളിലുമാണ് ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 19/12/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് മൂലം പല പദ്ധതികളെക്കുറിച്ചും പൊതുജനങ്ങൾക്ക് യാതൊരു ധാരണയുമില്ലെന്ന് അഭിപ്രായപ്പെടുകയും അതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയും തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളുടെയും മലയാള പരിഭാഷ ലഭ്യമാക്കുന്നതിനു നടപടി നിർബന്ധമായും

സ്വീകരിക്കണമെന്ന് വകുപ്പിനോട് ആരായുവാൻ നിർദ്ദേശിച്ച സമിതി തീരുമാനം 26/04/2019 ൽ വകുപ്പിനെ അറിയിച്ചിരുന്നു.

**11. ഫയൽ നം. 2628/ഔ.ഭാ.സ 1/2017/നി.സെ**

വിഷയം:- ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19) യുടെ 24/01/2017-ലെ യോഗനിർദ്ദേശത്തിന്മേൽ ഊർജ്ജ വകുപ്പിൽ നിന്ന് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

വൈദ്യുതി ബില്ലുകൾ മലയാളത്തിൽ ആക്കുന്നത് സംബന്ധിച്ച സമിതിയുടെ 24/01/2017-ലെ യോഗനിർദ്ദേശത്തിന്മേൽ ഊർജ്ജ വകുപ്പ് 27/03/2018-ലെ പി.ഡബ്ല്യു.ആർ.എ 1/177/2017-POWER നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഇടക്കാല മറുപടിയിൽ വൈദ്യുതി ബില്ലുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതായും, ടി നടപടികൾ അന്തിമഘട്ടത്തിലാണെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചിരുന്നു.

16/05/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, വൈദ്യുതി ബില്ലുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ തൽസ്ഥിതി ആരായുവാൻ നിർദ്ദേശിച്ചു. സമിതി തീരുമാനം 18/07/2018 -ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**12. ഫയൽ നമ്പർ 1307/ഔ.ഭാ.സ 1/2017/ നി. സെ**

വിഷയം:- ഔദ്യോഗികഭാഷ ഒഴിവാക്കി പി.എസ്.സി, നീറ്റ് പരീക്ഷകൾ നടത്തുന്നത് സംബന്ധിച്ചും മലയാളഭാഷാ ബിൽ പാസ്സാക്കാത്തത് സംബന്ധിച്ചുമുള്ള വിഷയങ്ങളിന്മേൽ ഐക്യമലയാളം പ്രസ്ഥാനം സെക്രട്ടറി ശ്രീ. ഹരിദാസൻ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

ഐക്യ മലയാളം പ്രസ്ഥാനം സെക്രട്ടറി ശ്രീ. ഹരിദാസൻ സമർപ്പിച്ച ഹർജിയിലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് നിയമവകുപ്പ് 08/09/2017-ലെ 14231/ലെഗ്.ബി1/2017/നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ഇതുവരെയും ലഭിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

23/05/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി നിയമ വകുപ്പ്

ലഭ്യമാക്കിയ മറുപടി പരാതിക്കാരനെ അറിയിക്കുവാൻ നിർദ്ദേശിച്ചു.

ഹർജിയിലെ "നീറ്റ് പരിക്ഷ മലയാളത്തിലും നടത്തുന്നതിനുള്ള അംഗീകാരം നേടിയെടുക്കുന്നതിനായി സർക്കാരിന് നിർദ്ദേശം നൽകണം" എന്ന ആവശ്യത്തി മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് 22/05/2018-ലെ ജി3/328/2017/ഉ.വി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ (CBSE) ആണ് അഖിലേന്ത്യാ തലത്തിൽ MBBS/BDS കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയായ NEET (National Eligibility cum Entrance Test) നടത്തുന്നത്. വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം പല പ്രാദേശിക ഭാഷകളിലും NEET പരീക്ഷാ ചോദ്യപേപ്പർ ലഭ്യമാക്കുന്നുണ്ട്. എന്നാൽ NEET പരീക്ഷ മലയാളത്തിൽ എഴുതാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2018 വർഷം മുതൽ നീറ്റ് പരീക്ഷാ ചോദ്യപേപ്പർ മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് CBSE ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

24/10/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി, നീറ്റ് പരീക്ഷ മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി. പ്ലസ് 2 പുസ്തകങ്ങൾ മലയാളത്തിലാക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥ വകുപ്പിനോട് ആരായുവാൻ നിർദ്ദേശിച്ചു കൂടാതെ എല്ലാ പി.എസ്.സി ചോദ്യപേപ്പറുകളും മലയാളത്തിലാക്കണമെന്നും മലയാളം ഭരണഭാഷയായി അംഗീകരിച്ച സാഹചര്യത്തിൽ മലയാളത്തിലുള്ള ചോദ്യപേപ്പറുകൾ നിർബന്ധമായും കൊടുക്കുവാനുള്ള സാഹചര്യമുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, പി.എസ്.സി സെക്രട്ടറി എന്നിവരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു. സമിതി തീരുമാനം 05/01/2019 -ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**<u>13. ഫയൽ നം.3715/ഔ.ഭാ.സ 2/2019/നി.സെ</u>**

വിഷയം:- ഔദ്യോഗിക ഭാഷാപ്രയോഗ പുരോഗതിക്കായി 2016 വർഷം നടപ്പിലാക്കിയ കർമപരിപാടികളുടെ വിശദവിവരം-സംബന്ധിച്ച്.

കേരള സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും മലയാളം ഭരണഭാഷയായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് ഗവ:ൽ നിന്നും ലഭിച്ച മറുപടി സമിതിയുടെ 30.06.2017-ലെ യോഗത്തിൽ പരിഗണിക്കവെ ഓരോ വകുപ്പുകളിലും വകുപ്പിന്റെ

കീഴിലുള്ള സ്ഥാപനങ്ങളിലും, ഔദ്യോഗിക ഭാഷാപ്രയോഗ പുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികളുടെ വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

പ്രസ്തുത വിവരം ആരാഞ്ഞുകൊണ്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ 43 വകുപ്പുകൾക്കു കത്തയച്ചിരുന്നു. റിപ്പോർട്ടു കാലയളവിൽ സമിതി താഴെപ്പറയുന്ന വകുപ്പുകളിൽ നിന്നും ലഭിച്ച മറുപടി പരിഗണിച്ചിരുന്നു.

**കൃഷി വകുപ്പ്**

കൃഷി വകുപ്പിനു കീഴിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ്, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി, കേരള കേര സഹകരണ ഫെഡറേഷൻ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളിലെ 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികളുടെ വിശദവിവരം 02.11.2017 ലെ 24832/എ.പി/2014/കൃഷി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത് 03.01.2018-ലെ സമിതി യോഗം അംഗീകരിക്കുകയും വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മാന്വലുകൾ, ചട്ടങ്ങൾ, കർഷകർക്ക്/പൊതുജനങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായുള്ള അപേക്ഷാ ഫോമുകൾ, അനുബന്ധ രേഖകൾ എന്നിവ മലയാളത്തിലാക്കിയിട്ടുണ്ടോയെന്ന് കൃഷി വകുപ്പിനോട് ആരായുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

പ്രസ്തുത വകുപ്പിലെ മലയാളം കംപ്യൂട്ടിംഗ്, ഔദ്യോഗിക ഭാഷാപരിശീലനം, വകുപ്പുതല പദകോശം, ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കൽ, പരിഭാഷാ സെൽ, ഭരണഭാഷാവ്യാപനം, ഭരണഭാഷാ പ്രചരണം, ഔദ്യോഗിക ഭാഷ പ്രയോഗ പുരോഗതിക്കായി വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പ് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ കർമ്മപരിപാടികളുടെ വിശദ വിവരം എന്നിവ 01/11/2017 ലെ കത്ത് നമ്പർ സി4/210/2017/തൊഴിൽ മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത മറുപടി പരിഗണിച്ച 11.04.2018-ലെ യോഗം റിപ്പോർട്ടിന്മേൽ

അതൃപ്തി രേഖപ്പെടുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

പ്രസ്തുത വകുപ്പ് 21.11.2017 ലെ കത്ത് നമ്പർ D3/248/2017-LBRD മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

2016 നവംബർ 1 മുതൽ 7 വരെ തൊഴിൽ ഭവനിൽ മലയാളം ശ്രേഷ്ഠഭാഷാ ദിനാഘോഷം എന്ന പരിപാടി സംഘടിപ്പിച്ച തായും മലയാള ഭാഷാവാരാ ചരണം വർഷാചരണം എന്നിവ സംബന്ധിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള ബാനറുകൾ തയ്യാറാക്കി നവംബർ മാസത്തെ ആദ്യ പ്രവൃത്തിദിനം മുതൽ പ്രദർശിപ്പിച്ചുവെന്നും തുടർന്ന് ഡോ. ജോർജ്ജ് ഓണക്കൂർ 'സാംസ്കാരിക വികസനവും മാതൃഭാഷയും' എന്ന വിഷയത്തെ സംബന്ധിച്ചും ശ്രീ. മനോജ് പുതിയവിള 'നല്ല മലയാളം' എന്ന വിഷയത്തിലും ശ്രീ. പി.കെ. ശങ്കരൻകുട്ടി 'ഭാഷയും ഭരണ ഭാഷയും' എന്ന വിഷയത്തിലും ജീവനക്കാർക്ക് ക്ലാസ്സെടുത്ത തായും മലയാളം സാഹിത്യ വുമായി ബന്ധപ്പെട്ട് പ്രശ്നോ ത്തരി, കവിതാരചന, കഥാ രചന എന്നീ മത്സരങ്ങൾ സംഘടിപ്പി ക്കുകയും വിജയികൾക്ക് സമ്മാനദാനം നൽകുകയും ചെയ്തതായും സമാപന സമ്മേളനം ശ്രീ. എഴുമറ്റൂർ രാജരാജവർമ്മ ഉദ്ഘാടനം ചെയ്തതായും ലേബർ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. മേൽ വിവരിച്ചപ്രകാരം നവംബർ 1 മുതൽ 7 വരെ മലയാളം ശ്രേഷ്ഠ ഭാഷ ദിനാഘോഷം ഭരണഭാഷാ വാരാഘോഷ പരിപാടികൾ തൊഴിൽ വകുപ്പ് വിജയപ്രദമായി നടത്തുകയുണ്ടായി.

പ്രസ്തുത മറുപടി 18.04.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് 11.12.2017 ലെ കത്ത് നമ്പർ ഔ.ഭാ4/26/2017/ഉഭപവ മുഖേന ലഭ്യമാക്കിയ മറുപടി പരിഗണിച്ച 16.05.2018-ലെ യോഗം, 2016-17 സാമ്പത്തിക വർഷം ഔദ്യോഗിക ഭാഷാ പ്രയോഗ പുരോഗതിക്കായി വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിക്കാത്ത വകുപ്പുകളോടും 50%-ൽ താഴെ മാത്രം തുക ചെലവഴിച്ച വകുപ്പുകളോടും ആയതിനുള്ള വിശദീകരണം ആരായുവാൻ നിർദ്ദേശിച്ചു.

**തൊഴിലും നൈപുണ്യവും (എഫ്) വുകപ്പ്**

തൊഴിലും നൈപുണ്യവും (എഫ്) വുകപ്പിനു കീഴിലെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, ഇ.എസ്.ഐ ആശുപത്രി ഫെറൂക്ക്, പാലക്കാട്, എറണാകുളം, മുളങ്കുന്നത്തുകാവ് എന്നിവിടങ്ങളിൽ 2016 വർഷം ഔദ്യോഗിക ഭാഷ പ്രയോഗപുരോഗതിക്കായി നടത്തിയ

കർമ്മപരിപാടികളെ സംബന്ധിച്ച് പ്രസ്തുത വകുപ്പ് 29.01.2018 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് 23.05.2018 ലെ യോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു.

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

തൊഴിലും നൈപുണ്യവും (എച്ച് ) വകുപ്പിനു കീഴിലുള്ള കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (15 കമ്മിറ്റികളും 105 ഉപകാര്യാലയങ്ങളും ഉൾപ്പെടെ), എന്നീ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷ പ്രയോഗ പുരോഗതിക്കായി 2016 ൽ അനുവദിച്ച തുക, ചെലവാക്കിയ തുക, തിരിച്ചടവുണ്ടായ തുക, സ്വീകരിച്ച കർമ്മ പരിപാടികളുടെ വിശദവിവരം എന്നിവ സംബന്ധിച്ച് 06.02.2018 ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 17.10.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്**

ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനു കീഴിലുള്ള സിവിൽസപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി, സപ്ലൈകോ, കേരള സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് എന്നീ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗ പുരോഗതിയ്ക്കായി 2016-17 ബജറ്റിൽ വകയിരുത്തിയ തുക, കർമ്മപരിപാടികളുടെ വിശദാംശം എന്നിവ സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി 24.10.2018 ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ഊർജ്ജ വകുപ്പ്**

ഊർജ്ജ വകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ.), ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, എന്നീ സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷാ പ്രയോഗ പുരോഗതിക്കായി 2016-17 ബജറ്റിൽ വകയിരുത്തിയ തുക, 2016 വർഷം പ്രസ്തുത ആവശ്യത്തിലേക്കായി സ്വീകരിച്ച കർമ്മ പരിപാടികളുടെ വിശദവിവരം എന്നിവ സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി 24.10.2018-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**14. ഫയൽ നം. 5910/ഔ.ഭാ.സ 2/2017/നി.സെ**

വിഷയം:- ആയുർവേദ തെറാപ്പിസ്റ്റുകൾക്കുള്ള പി.എസ്.സി പരീക്ഷ മലയാളത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ആലപ്പുഴ ആയുർവ്വേദ തെറാപ്പിസ്റ്റുകളുടെ കൂട്ടായ്മയ്ക്കുവേണ്ടി ശ്രീ. വിഷ്ണു. എസ്, ചേർത്തല സമർപ്പിച്ച ഹർജി.

പ്രസ്തുത ഹർജി പരിഗണിച്ച 11/04/2018 ലെ യോഗം കൊല്ലം ജില്ലയിലെ ആയുർവേദ തെറാപ്പിസ്റ്റ് കൂട്ടായ്മക്കുവേണ്ടി ശ്രീ. വിപിൻ. ബി, കളരിക്കൽ സമർപ്പിച്ച സമാനപരാതിയിന്മേൽ സമിതി ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടത് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പരാതിയുടെ പകർപ്പ് കൂടി വകുപ്പിനു റിപ്പോർട്ടിനായി അയക്കുവാൻ സമിതി തീരുമാനിച്ചു

**15. ഫയൽ നം. 5147/ഔ.ഭാ.സ 2/2017/നി.സെ**

വിഷയം:- ശാസ്ത്രസാങ്കേതിക വകുപ്പിലെ ഔദ്യോഗികഭാഷാ പ്രയോഗ പുരോഗതി വിലയിരുത്തുന്നതിനായി 29/11/2017-ൽ നടത്തിയ തെളിവെടുപ്പ് യോഗം സംബന്ധിച്ച്.

പ്രസ്തുത തെളിവെടുപ്പിനോടനുബന്ധിച്ചുള്ള ചോദ്യാവലിയിന്മേൽ 27/11/2017, 27/04/2018 തീയതികളിലായി ശാസ്ത്രസാങ്കേതിക വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് യഥാക്രമം 29.11.2017, 14.08.2018 തീയതികളിലെ സമിതി യോഗം പരിഗണിക്കുകയും മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും ചോദ്യാവലിയിന്മേലുള്ള വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

**16. ഫയൽ നമ്പർ 3343/ഔ.ഭാ.സ 2/2017/ നി. സെ**

വിഷയം:-വിവിധ വകുപ്പുകളിലേയും വകുപ്പിന് കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗിക ഭാഷ പ്രയോഗ പുരോഗതി സംബന്ധിച്ച്.

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ 21.06.2017 ലെ യോഗത്തിൽ വിവിധ വകുപ്പുകളിലേയും വകുപ്പിന് കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗിക ഭാഷ പ്രയോഗ പുരോഗതി സംബന്ധിച്ച് ആരായുവാൻ നിർദ്ദേശിച്ചിരുന്നു.

ആയതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനു കീഴിലെ സംസ്ഥാന ആസൂത്രണ ബോർഡ്, 14 ജില്ലകളിലെയും ജില്ലാ പ്ലാനിംഗ് ബോർഡ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക്

വകുപ്പ് ഡയറക്ടറേറ്റ്, 14 ജില്ലകളിയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, പശ്ചിമഘട്ട സെൽ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കെ.ഡി.ഐ.എസ്.സി. എന്നീ സ്ഥാപനങ്ങളിൽ 2017 ജനവരി മുതൽ 2017 ആഗസ്റ്റ് വരെ കൈകാര്യം ചെയ്ത മൊത്തം ഫയലുകളുടെ എണ്ണം, മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം, ഇംഗ്ലീഷിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം, മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ ശതമാനം എന്നിവ സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി പരിഗണിച്ച 12.09.2018-ലെ യോഗം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനുകീഴിൽ വരുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ പ്ലാനിംഗ് ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ നൂറ് ശതമാനവും മലയാളത്തിലാക്കിയിട്ടില്ല എന്നതിന് വിശദീകരണം ആവശ്യപ്പെടുവാനും കൂടാതെ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനോടും, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിനോടും മലയാളത്തിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് ആരായുവാനും നിർദ്ദേശിച്ചു

**17. ഫയൽ നമ്പർ 2369/ഔ.ഭാ.സ 1/2018/ നി. സെ**

വിഷയം:- ഭാഷ പ്രയോഗ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വകുപ്പുകളിലും സ്ഥാപനങ്ങളിലെയും ഭാഷാമാറ്റ പുരോഗതിയുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പ് 19/04/2018-ലെ 204/സി2/2018-CLAD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

സാംസ്കാരിക വകുപ്പിന് കീഴിലുള്ള കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, പുരാരേഖാ വകുപ്പ്, കേരള ഫോക് ലോർ അക്കാദമി, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, പൈതൃക പഠനകേന്ദ്രം, വാസ്തുവിദ്യാ ഗുരുകുലം, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, മാർഗി, കേരള സാഹിത്യ അക്കാദമി, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, തിരുവനന്തപുരം ശ്രീനാരായണ ഇന്റർ നാഷണൽ സ്റ്റഡി സെന്റർ, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരള സംഗീത നാടക അക്കാദമി, മ്യൂസിയം, മൃഗശാല വകുപ്പ്, കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി, പുരാവസ്തു വകുപ്പ്, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി, സരസകവി മൂലൂർ സ്മാരകം, കൊല്ലം ജവഹർ ബാലഭവൻ, കോട്ടയം

ജവഹർ ബാലഭവൻ, ആലപ്പുഴ ജവഹർ ബാലഭവൻ എന്നീ സ്ഥാപനങ്ങൾ ഭാഷാ പുരോഗതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ 50% ത്തോളം പേർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ലഭിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ജീവനക്കാർക്കുകൂടി പ്രസ്തുത പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. യൂണികോഡ് ഫോണ്ടുകളുടെ ഉപയോഗത്തിന് നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പിന് കീഴിലുള്ള വകുപ്പുകളിലും സ്ഥാപനങ്ങളിലും പദകോശം തയ്യാറാക്കി സമർപ്പിക്കുവാനുള്ളത് പൈതൃക പഠനകേന്ദ്രവും കേരള ഫോക് ലോർ അക്കാദമിയും മാത്രമാണ്.

സ്ഥാപനങ്ങളെല്ലാം തന്നെ ബോർഡുകൾ മലയാളത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതി പരിശോധിക്കുന്നതിന് ബഹുഭൂരിപക്ഷം സ്ഥാപനങ്ങളിലും പരിശോധനാ സംവിധാനമുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം തന്നെ ഫയലുകൾ മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്.

കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, വാസ്തുവിദ്യാ ഗുരുകുലം, മാർഗി, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ വെബ്സൈറ്റ് ഇംഗ്ലീഷിലും മലയാളത്തിലും തയ്യാറാക്കിയിട്ടുണ്ട്.

മാർഗി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ ഒഴികെ മറ്റുള്ള സ്ഥാപനങ്ങളിലെല്ലാം പരിഭാഷാ സെൽ രൂപീകരിച്ചിട്ടുണ്ട്. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസ്, മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ & റൂൾസ്, വിവിധ സമ്മത പത്രങ്ങൾ എന്നിവ പരിഭാഷപ്പെടുത്തിയത്, കേരള ലളിതകലാ അക്കാദമിയുടെ ബൈലെ പരിഭാഷപ്പെടുത്തിയത്, വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ബൈലയും മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനും പരിഭാഷപ്പെടുത്തിയത് എന്നിവ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ ബൈലെ/സ്പെഷ്യൽ റൂൾസ് പരിഭാഷപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കേരള സാഹിത്യ അക്കാദമിയിൽ ആദ്യകാല മലയാള പുസ്തകങ്ങൾ 2000 ത്തിലധികം ഡിജിറ്റൽ കോപ്പികളാക്കി മാറ്റിയിട്ടുണ്ട്. 1001 എണ്ണം വെബ്സൈറ്റിൽ സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ അനുവദിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളിലെല്ലാം വകപ്പുതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം ഔദ്യോഗിക ഭാഷാ പുരോഗതി വിലയിരുത്തുന്നതിനായി ഏകോപനാധികാരിയെ നിയമിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളിലെല്ലാം മലയാളം ഔദ്യോഗിക ഭാഷയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ ഫയലുകൾ പൂർണ്ണമായും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്. ഭരണ ഭാഷാ പ്രചരണത്തിനായി ബാനറുകളും ബോർഡുകളും സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ വരുന്ന കാര്യാലയങ്ങളിലും സ്ഥാപനങ്ങളിലും തയ്യാറാക്കി പ്രദർശിപ്പിച്ചിട്ടുണ്ട്.

19/09/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**18. ഫയൽ നമ്പർ 719/ഔ.ഭാ.സ 1/2018/ നി. സെ**

വിഷയം:- ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ അനന്തരനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

റിപ്പോർട്ടിലെ 53-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ് 17/01/2018-ലെ 1002/ഔ.ഭാ-പ്ര.സെ(2)/2018/നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

കോടതി ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച ഉന്നതതല സമിതിയുടെ മൂന്നാമത്തെ യോഗം 16.03.2017-ന് നിയമസഭാ സമുച്ചയത്തിലെ ബഹു. മുഖ്യമന്ത്രിയുടെ ചേംബറിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നിട്ടുള്ളതാണ്. ടി യോഗത്തിൽ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാണ്.

(i) ആദ്യ പടിയായി മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിലെ കോടതിനടപടികളും ജില്ലാ കോടതിയിലേയ്ക്ക് അപ്പീൽ/റിവിഷൻ അധികാരം ഉള്ളതുമായ കേസുകളിലെ വിധിന്യായങ്ങളും മലയാളത്തിൽ കൂടി ആക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ii) നിലവിലുള്ള ജില്ലാ കോടതികളിൽ ആവശ്യമായ പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(iii) ജഡ്ജിമാർക്ക് വിധിന്യായങ്ങൾ മലയാളത്തിൽ എഴുതുന്നതിനുള്ള പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടികൾ ഹൈക്കോടതിയുമായി കൂടിയാലോചിച്ച് എടുക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ നടപടി സ്വീകരിച്ച് നടപ്പാക്കേണ്ടത് കോടതികളുടെ ഭരണവകുപ്പായ, ആഭ്യന്തര വകുപ്പിന്റെ ചുമതലയിൽപ്പെട്ട വിഷയങ്ങൾ ആയതിനാൽ, മേൽ വിഷയങ്ങളിൽ ആഭ്യന്തര (സി) വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ നിയമ വകുപ്പിനെ അറിയിക്കുവാനായി 2974/ഔ.ഭാ.പ്ര.സെ 2/2017/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന 19.05.2017-നും 27.09.2017-നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

കൂടാതെ 16.03.2017-ലെ യോഗം, കോടതി ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച ഉന്നതതല സമിതി യോഗ തീരുമാനങ്ങളോടൊപ്പം ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നം.53, ശിപാർശ നം.20, അടിയന്തിരമായി പ്രാവർത്തികമാക്കാൻ ആവശ്യമുള്ള നടപടികൾ സ്വീകരിക്കാൻ കോടതി കാര്യങ്ങളുടെ ഭരണവകുപ്പായ, ആഭ്യന്തര (സി) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

മേൽ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളും വന്നിട്ടുള്ള പുരോഗതിയും, ഇതിലേക്കായി ഇനിയും ഏതെല്ലാം കൂടുതൽ നടപടികൾ ഇതിലേക്കായി ആവശ്യമുണ്ട് എന്ന് അവലോകനം ചെയ്യുന്നതിലേക്കായി, "കോടതി ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച ഉന്നതതല സമിതിയുടെ 2018-ലെ യോഗം" വിളിച്ച ചേർക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ സ്വീകരിച്ചു വരികയാണ് എന്നും അറിയിച്ചുകൊള്ളുന്നു.

29/08/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി കോടതി ഭാഷ മലയാളമാക്കുന്ന വിഷയത്തിൽ ഔദ്യോഗിക ഭാഷ ഉന്നതതല സമിതി കൈക്കൊണ്ട തീരുമാനങ്ങളുടെ പുരോഗതി സംബന്ധിച്ചും 2018-ൽ ഇതിനായി ഉന്നതതല സമിതി യോഗം ചേർന്നിട്ടുണ്ടോയെന്നും വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു. സമിതി തീരുമാനം 22.11.2018-ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക നം. 24-ലെ ശിപാർശയിന്മേൽ ധനകാര്യ (ബഡ്ജറ്റ് വിംഗ് എ) വകുപ്പ് 22/05/2018-ലെ 727181/ബ.വി-എ 1/2018/ധന. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ശിപാർശ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | നടപടി |
|---|---|---|---|
| 6 | 24 | ഭാഷാ മാറ്റത്തിന് "26 -ഭരണഭാഷാ പ്രയോഗം" എന്ന പേരിൽ ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകം ഉണ്ടാക്കി എല്ലാ വകുപ്പുകൾക്കും തുകയനുവദിച്ചിട്ടും പല വകുപ്പുകളും | 14.05.2018-ലെ പരിപത്രം നം. 44/2018/ധന പ്രകാരം ഭരണ ഭാഷാ പ്രയോഗ പരിപാടികൾക്കായി ആയത് സംസ്ഥാന ബഡ്ജറ്റിലെ "26- |

| | |
|---|---|
| ചെലവാക്കിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ശീർഷകത്തിൽതന്നെ നിശ്ചിത ശതമാനം തുക ഭരണഭാഷാ മാറ്റത്തിനുതകുന്ന പരിപാടികൾക്കായി നീക്കിവയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നപക്ഷം വകുപ്പ് തലവന്മാർ ഇക്കാര്യത്തിൽ കുറേക്കൂടി ജാഗരൂകരാകുമെന്നും ടി തുക ചെലവാക്കുന്നതിന്റെ ഉത്തരവാദിത്തം നിർണ്ണയിക്കാനും സാധിക്കുന്നതാണ് എന്നും സമിതി നിരീക്ഷിക്കുന്നു. നിലവിലുള്ള ശീർഷകത്തിൽ നിന്നും തുക ചെലവാക്കാത്ത വകുപ്പുകൾക്ക് തൊട്ടടുത്ത വർഷം ധനവകുപ്പ് തുക അനുവദിക്കാറില്ലെന്നും സമിതിക്ക് കണ്ടെത്തുവാൻ കഴിഞ്ഞു. ഇത് സൗകര്യമായി കരുതി ഭരണഭാഷ പ്രയോഗപദ്ധതികൾ നടപ്പിലാക്കാൻ ചില വകുപ്പുതലവന്മാരെങ്കിലും അമാന്തം കാട്ടും എന്നതിനാൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ വകുപ്പിനും അവരുടെ ശീർഷകത്തിൽ തന്നെ ഒരു നിശ്ചിത ശതമാനം തുക ഭരണഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കണമെന്നും അതത് വർഷം പ്രസ്തുത തുക ചെലവാക്കാത്ത വകുപ്പ് തലവന്മാർ ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടി വരുമെന്നും അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമെന്നും ഒരു പരിപത്രം മുഖേന ധനവകുപ്പ് മറ്റു വകുപ്പുകളെ അറിയിക്കാണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഭരണഭാഷാ പ്രയോഗം" എന്ന ശീർഷകത്തിൽ വകയിരുത്തുന്ന നിശ്ചിത തുക ഭരണഭാഷാ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പ് തലവന്മാർ അതത് സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീരിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് തലവന്മാർ ഇത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും ശിക്ഷാ നടപടികൾക്ക് വിധേയരാകുമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

21/11/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി 'ഓരോ വകുപ്പിനും അവരുടെ ശീർഷകത്തിൽ തന്നെ ഒരു നിശ്ചിത ശതമാനം തുക ഭരണഭാഷ പുരോഗതിക്കുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കണം' എന്ന സമിതി ശിപാർശയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു സമിതി തീരുമാനം 15.02.2019-ൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**19. ഫയൽ നമ്പർ 799/ഔ.ഭാ.സ 1/2018/ നി. സെ**

വിഷയം:- 2017 മെയ് 1 ന ശേഷം ഇംഗ്ലീഷിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ - 06/12/2017-ലെ യോഗ നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

2017 മെയ് 1 നുശേഷം ഇംഗ്ലീഷിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ സംബന്ധിച്ച് 06/12/2017-ലെ സമിതി യോഗ നിർദ്ദേശങ്ങൾക്ക് നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് 30/04/2018-ലെ 4285/ഔ.ഭാ-പ്ര.സെ(2)/2018/ നിയമം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2017 മെയ് 1 മുതൽ ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കിക്കൊണ്ടുള്ള 26.04.2017-ലെ സ.ഉ.(അച്ചടി) നം. 6/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവിന്റേയും സംസ്ഥാനത്തെ തമിഴ്, കന്നട ഭാഷാന്യൂനപക്ഷക്കാർക്ക് ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തികൊണ്ട്, (1) കേന്ദ്ര സർക്കാർ (2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, (3) ഹൈക്കോടതി-സുപ്രീം കോടതി (4) ഇതര സംസ്ഥാനങ്ങൾ (5) മറ്റു രാജ്യങ്ങൾ (6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നട അല്ലാതെയുള്ള മറ്റുഭാഷാ ന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ (7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പു ഫയൽ മലയാളത്തിലായിരിക്കണമെന്ന നിർദ്ദേശം അടങ്ങിയിട്ടുള്ള 13.01.2015 ലെ സ.ഉ. (അച്ചടിച്ചത്) നം.2/2015/ഉഭപവ നമ്പർ ഉത്തരവിന്റെയും "മലയാളത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളുടെയും, പൊതുസ്വഭാവമുള്ള കത്തുകളുടെയും ഇംഗ്ലീഷ് പരിഭാഷയാണ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കേണ്ടത്" എന്ന നിർദ്ദേശം അടങ്ങിയിട്ടുള്ള 10.10.2005-ലെ സ.ഉ. (അച്ചടി)നം. 11333/ഔ.ഭാ.3/05/ഉഭപവ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്, നിയമവകുപ്പിൽ നിന്നും ഒരു കേന്ദ്രസർക്കാർ സ്ഥാപനമായ അക്കൗണ്ടന്റ് ജനറൽ ആഫീസിലേക്ക്, കുറിപ്പ് ഫയൽ മലയാളമായിരിക്കണം എന്ന് നിബന്ധനയ്ക്ക് വിധേയമായി, കത്തുകളും, ഉത്തരവുകളും ഇംഗ്ലീഷിൽ നൽകി വന്നിരുന്നത്. ആയതു മൂലമാണ് നിയമ വകുപ്പിൽ നിന്നും ഇംഗ്ലീഷിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മിക്കവയും ജീവനക്കാരുടെ സേവന കാര്യങ്ങളാണ് എന്ന് സമിതി കണ്ടെത്തിയിട്ടുള്ളത്.

19.02.2018-ലെ കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ 799/ഔഭാ,1/2018/നി.സെ. നമ്പർ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 08.03.2018-തീയതിയായി ഈ സെക്ഷനിൽ

നിന്നും നിയമവകുപ്പിലെ മറ്റ് സെക്ഷനുകൾക്ക് നൽകിയ 4285/ഔ.ഭാ.പ്ര.സെ2/2018/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പിന് നിയമവകുപ്പിലെ സെക്ഷനുകൾ നൽകിയ മറുപടിയിൽ അറിയിച്ചിരിക്കുന്നത് നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യങ്ങൾ ഒഴികെ മറ്റ് നടപടികൾ ഒക്കെയും പൂർണ്ണമായും മലയാളത്തിൽ ആണ് ചെയ്തുവരുന്നത് എന്നാണ്.

കോടതികളുടെ ഭരണവകുപ്പായ ആഭ്യന്തര വകുപ്പിന്റെ 11.05.1973-ലെ സ.ഉ.(കയ്യെഴുത്ത്) നം.77/73/ആഭ്യന്തരം ഉത്തരവിൽ പരാമർശിച്ചിട്ടുള്ള SRO No. 289/73 ലും SRO No. 290/73 ലും സിവിലും ക്രിമിനലും വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കീഴ്ക്കോടതികളിൽ വിധിന്യായങ്ങൾ എഴുതുന്നതിനും, മറ്റ് നടപടിക്രമങ്ങളിലും ഇംഗ്ലീഷോ അതോ മലയാളമോ ഉപയോഗിക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

02.03.2012-ലെ സ.ഉ.(കൈയ്യെഴത്ത്)നം.78/2012/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, നിയമവകുപ്പിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീം കോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മറ്റും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും, മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും തർജ്ജമ ചെയ്തിട്ടില്ലാത്ത പ്രധാനപ്പെട്ട നിയമങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുന്നതിനും പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987-ൽ നിയമവകുപ്പ് പ്രസിദ്ധീകരിച്ച "നിയമ ശബ്ദാവലി" ഔദ്യോഗിക ഭഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായിട്ട് നിയമ (ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പ് രൂപീകരിക്കുകയുണ്ടായി. എല്ലാ വകുപ്പുകളും പരിഭാഷ സെൽ രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചുകൊണ്ടും പരിഭാഷാ സെൽ രൂപീകരിച്ചിട്ടില്ലാത്ത വകുപ്പുകൾ പരിഭാഷയ്ക്ക് നടത്തേണ്ട ക്രമീകരണങ്ങൾ വിവരിക്കുന്നതുമായ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 16.07.2003-ലെ സ.ഉ. (കയ്യെഴുത്ത്) നം. 19/03/ഉഭപവ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം നിയമ (ഔദ്യോഗിക ഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ്, നിയമ വകുപ്പിനെ സംബന്ധിക്കുന്ന ചട്ടങ്ങളും മാന്വലുകളും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ, മലയാളം ഭരണഭാഷായാക്കിയിട്ടുള്ളതായ മറ്റ് പല സർക്കാർ വകുപ്പുകളും അവരുടെ ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും മറ്റു പരിഭാഷപ്പെടുത്തുന്നതിനായി നിയമ (ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പിലേക്ക് അയച്ചു നൽകിവരുന്നുണ്ട് എന്നും സമിതിയെ അറിയിച്ചുകൊള്ളുന്നു. അവയ്ക്ക് മറുപടിയായി ആ പരിഭാഷാ ജോലികൾ ചെയ്യേണ്ടത്

അതാത് വകുപ്പിൽ രൂപീകരിച്ചിട്ടുള്ള പരിഭാഷാ സെൽ ആണെന്ന് ചൂണ്ടിക്കാട്ടി അവ അതാത് വകുപ്പുകൾക്ക് മടക്കി നൽകിയിട്ടുള്ളതും ആണ്. എന്നിരുന്നാൽ തന്നെയും ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്ഷേമ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം പട്ടികജാതി-പട്ടികഗോത്ര വർഗ്ഗ അതിക്രമങ്ങൾ തടയൽ ചട്ടങ്ങളുടെ മലയാള പരിഭാഷ, 2017 മെയ് 1-ന് ശേഷവും ഈ വകുപ്പിൽ നിന്നും പരിഭാഷപ്പെടുത്തി നൽകിയട്ടുള്ളതാണ്.

14.03.2017 ലെ സംസ്ഥാനതല ഔദ്യോഗികഭാഷാ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഫെബ്രുവരി, മെയ്, ആഗസ്റ്റ്, നവംബർ മാസങ്ങളിൽ കൃത്യമായി ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ഔദ്യോഗിക ഭാഷ വകുപ്പിലേക്ക് നിയമവകുപ്പിൽ നിന്നും നൽകിവരുന്നു. അതോടൊപ്പം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷാ) വകുപ്പിന്റെ നിർദ്ദേശാനുസരണം നിയമവകുപ്പിൽ വകുപ്പുതല ഔദ്യോഗികഭാഷാസമിതി സമയബന്ധിതമായി 3 മാസത്തിലൊരിക്കൽ കൂടിവരുന്നതും നിയമവകുപ്പിലെ ഉദ്യോഗസ്ഥരുടെ ഇടയിൽ ഭാഷാമാറ്റ പുരോഗതിക്കുതകുന്ന വിധമുള്ള പരിപാടികൾ, നിയമ (ഔദ്യോഗിക ഭാഷാ പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുമുണ്ട്.

കൂടാതെ നിയമ വകുപ്പിലെ എല്ലാ ജീവനക്കാർക്കും നിയമ (നോഡൽ) വകുപ്പ് മലയാളം കമ്പ്യൂട്ടിങ് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

അതിലുപരി ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി എല്ലാ ദിവസവും അഞ്ച് മലയാള പദങ്ങൾ എല്ലാ വകുപ്പുകളിലും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം ഈ വകുപ്പ് കൃത്യമായി പാലിച്ചു വരുന്നതും, അത് ഇലക്ട്രോണിക് മാധ്യമത്തിൽ ആക്കുന്നതിനായി LED ഡിസ്പ്ലേ ബോർഡ് നിയമ വകുപ്പിൽ സ്ഥാപിയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

നിയമ വകുപ്പിൽ രൂപീകരിച്ചിരുന്ന ഔദ്യോഗികഭാഷാ സമിതി 11/04/2018-ലെ സ.ഉ. (സാധാ) നം. 399/2018/നിയമം ഉത്തരവു മുഖേന പുന:സംഘടിപ്പിക്കുകയും ടി സമിതിയുടെ എല്ലാ വർഷവും മൂന്നു മാസത്തിൽ ഒരിക്കൽ കൂടുന്ന യോഗങ്ങളിൽ ഒന്നിൽ നിയമവകുപ്പ് മന്ത്രിയെ കൂടി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

ആയതിനാൽ വകുപ്പിന്റെ ഭാഗത്തു നിന്നും ഔദ്യോഗികഭാഷ മലയാളമാക്കുന്നതിൽ യാതൊരു വിധമായ നിസ്സഹകരണവും ഉണ്ടായിട്ടില്ലെന്നും എന്നാൽ എല്ലാ വിധത്തിലുമുള്ള സഹകരണവും പൂർണ്ണതോതിൽ ഉണ്ട് എന്ന കാര്യം അറിയിച്ചുകൊള്ളുന്നു.

17/10/2018-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പള്ളിക്കൂടം മാതൃകയിൽ മലയാളഭാഷാ പരിശീലനം നൽകുന്നത് സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ സമിതി നൽകിയ ശിപാർശകളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

(i) സർക്കാർ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ച് ആധികാരികമായി കുറ്റമറ്റ രീതിയിൽ ലിപിപരിഷ്കരണം നടത്തി ഒരു യൂണിഫോം യൂണികോഡ് കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ii) 'വിദ്യാലയഗാനങ്ങൾ' എന്ന പേരിൽ റെക്കോർഡുകൾ തയ്യാറാക്കണമെന്നും നമ്മുടെ വിദ്യാലയങ്ങളിൽ ഗാനങ്ങൾ/കവിതകൾ പതിവായി കേൾപ്പിക്കേണ്ടതാണെന്നും നമ്മുടെ നാട്ടിലെ വളരെ പ്രസിദ്ധരായ കവികളുൾപ്പെടെയുള്ളവരുടെ തെരെഞ്ഞെടുക്കപ്പെട്ട കവിതകളോ ചൊല്ലുകളോ റെക്കോർഡ് ചെയ്ത് വിദ്യാലയഗാനങ്ങൾ എന്ന പേരിൽ സജ്ജീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(iii) ജ്ഞാനപീഠജേതാവായ ശ്രീ.എം.ടി. വാസുദേവൻ നായർ തയ്യാറാക്കിയ ഭാഷാപ്രതിജ്ഞ സർക്കാർ ഔദ്യോഗിക ഭാഷാ പ്രതിജ്ഞയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഭാഷാപ്രതിജ്ഞ സ്കൂൾ അസംബ്ലികളിൽ കുട്ടികളെക്കൊണ്ട് കൈകൾ നെഞ്ചോട് ചേർത്ത് ചൊല്ലിക്കുവാനുള്ള നടപടി സർക്കാർ തലത്തിലുണ്ടാവണമെന്നും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(iv) ഭാഷ, സംസ്കാരം, സാഹിത്യം എന്നീ മേഖലകളിലെ ചരിത്ര-പാരമ്പര്യ മൂല്യങ്ങൾ സംബന്ധിച്ചുള്ള വിവിധ തരത്തിലുള്ള നിരീക്ഷണങ്ങളും അവയിൽ പുരോഗമനാത്മകമായവ ഏതെന്നും വ്യക്തമാക്കി നവമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നതിന് ഭാഷാ ഗവേഷണ സ്ഥാപനങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും മുൻകൈയെടുക്കണമെന്നും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിശോധിക്കുകയും തൃപ്തികരമല്ലാത്തവയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശയും നൽകിയതിലൂടെ ഭരണരംഗത്ത് ഔദ്യോഗികഭാഷാ പ്രയോഗം കൂടുതൽ കാര്യക്ഷമമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

ഇ.എസ്.ബിജിമോൾ,
അദ്ധ്യക്ഷ,
ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
30-12-2020